ഓം നമ:ശിവായ


## ആദിശങ്കരന്റെ മാതാവിന് ദിവ്യദർശനം നൽകിയ മഹാമൃത്യുഞ്ജയ മൂർത്തിയായ

# തിരുവെള്ളമാൻതുള്ളി വടക്കുംനാഥക്ഷേത്രം

### ആര്യാംബ സാന്നിദ്ധ്യമുള്ള ഭാരതത്തിലെ ഏക ക്ഷേത്രം

മറ്റൂർ, കാലടി പി.ഒ. – 683 574
ഫോൺ : 9497872413, 0484 2698444





# നവീകരണ അഷ്ടബന്ധ കലശം

| 2025 | 1200 |
| --- | --- |
| ഏപ്രിൽ 23 ബുധൻ മുതൽ | മേടം 10 മുതൽ |
| ഏപ്രിൽ 30 ബുധൻ വരെ | മേടം 17 വരെ |



# തിരുവെള്ളമാൻതുള്ളി വടക്കുംനാഥ ക്ഷേത്രം

**മറ്റൂർ, കാലടി 683 574**

ഭക്തജനങ്ങളെ,

മറ്റൂർ തിരുവെള്ളമാൻതുള്ളി വടക്കുംനാഥ ക്ഷേത്രം അദ്വൈതാചാര്യൻ ജഗദ്ഗുരു ശങ്കരാചാര്യരുടെ കാലം മുതൽ (AD 788 to 820) നിലനിന്ന് പോരുന്നതും, ജഗദ്ഗുരു ശങ്കരാചാര്യരുടെ മാതാവായ ആര്യാംബാദേവിക്ക് ദിവ്യദർശനം നൽകിയതുമായാണ് ഐതിഹ്യം. സഹസ്രാബ്ദങ്ങളുടെ ചരിത്രമുറങ്ങുന്ന ഈ പുണ്യ ക്ഷേത്രത്തിലെ മൃത്യുഞ്ജയമൂർത്തി നാളിതുവരെയായി ഭക്തജനങ്ങൾക്ക് അനുഗ്രഹം നൽകി നിലകൊള്ളുന്നു.. എന്നാൽ കാലപ്പഴക്കത്താൽ ക്ഷേത്രം ജീർണ്ണസ്ഥിതിയിൽ എത്തിയതിന്റെ അടിസ്ഥാനത്തിൽ ദേവപ്രശ്നം നടത്തുകയും പ്രശ്നത്തിൽ ക്ഷേത്രം എത്രയും പെട്ടെന്ന് പുനർനിർമ്മിക്കണം എന്ന് തെളിഞ്ഞതിനാൽ 2018 നവംബർ 30-ാം തീയതി ക്ഷേത്രപുനർനിർമ്മാണം തുടങ്ങുകയും പ്രധാന ശ്രീകോവിലും ഉപപ്രതിഷ്ഠകളായ ഗണപതി, ശാസ്താവ് ശ്രീകോവിലും ചുറ്റമ്പലവും പൂർത്തീകരിച്ചിട്ടുള്ളതാണ്. ഏകദേശം 130 ലക്ഷം രൂപയോളം ചെലവ് ചെയ്താണ് ക്ഷേത്രം പുനർനിർമ്മിച്ചിരിക്കുന്നത്. 4 വർഷമാണ് പ്രധാന ശ്രീകോവിലും ഗണപതി, ശാസ്താ കോവിലും പുനർനിർമ്മിക്കുന്നതിന് അനുജ്ഞ നൽകിയതെങ്കിലും പ്രളയം, കോവിഡ് മുതലായ മഹാവിപത്തുകൾ കാരണം പുനർനിർമ്മാണം നീണ്ടുപോകുകയും ചെയ്തു. എന്നാൽ അതോടൊപ്പം ചുറ്റമ്പലവുംകൂടി പുനർനിർമ്മിക്കുവാനും നമുക്ക് കഴിഞ്ഞു. ഇതെല്ലാം തന്നെ ഭഗവാന്റെ അനുഗ്രഹവും ഭക്തജനങ്ങളുടെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ കൊണ്ടുമാണ് സാധ്യമായത്. ഭക്തജനങ്ങൾ സാമ്പത്തികമായും സേവയിൽകൂടിയും ഈ ക്ഷേത്രത്തിന്റെ പുനർനിർമ്മാണത്തിന് സഹായം നൽകിയിട്ടുള്ളതാണ്.

ആദിശങ്കരന്റെ മാതാവിന് ദിവ്യദർശനം നൽകി പടിഞ്ഞാറ് ദർശനത്തോടെ ഭക്തമനസ്സുകളിൽ ദേവചൈതന്യം ചൊരിഞ്ഞ് ഈ നാടിന്റെ കാവൽദേവനായി വാണരുളുന്ന മഹാമൃത്യുഞ്ജയ മൂർത്തിയായ മറ്റൂർ തിരുവെള്ളമാൻതുള്ളി വടക്കുംനാഥക്ഷേത്രത്തിലെ അഷ്ടബന്ധനവീകരണ കലശം ബ്രഹ്മശ്രീ. വേഴപ്പറമ്പ് ഈശാനൻ നമ്പൂതിരിപ്പാടിന്റേയും ബ്രഹ്മശ്രീ. വേഴപ്പറമ്പ് ചിത്രഭാനു നമ്പൂതിരിപ്പാടിന്റേയും മുഖ്യകാർമ്മികത്വത്തിൽ 2025 ഏപ്രിൽ 23 മുതൽ ഏപ്രിൽ 30 വരെ (1200-മാണ്ട് മേടം 10 മുതൽ 17 വരെ) 8 ദിവസം നീണ്ടുനിൽക്കുന്ന ചടങ്ങുകളോടെ നടക്കുകയാണ്. ഈ പുണ്യകർമ്മത്തിൽ എല്ലാ ഭക്തജനങ്ങളും പങ്കെടുത്ത് ഭഗവാന്റെ അനുഗ്രഹാശിസ്സുകൾക്ക് പാത്രീഭൂതരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ക്ഷേത്രപുനർനിർമ്മാണത്തിന് സഹകരിച്ച എല്ലാ ഭക്തജനങ്ങളോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നതോടൊപ്പം, ഏകദേശം 40 ലക്ഷത്തോളംരൂപ ചെലവ് കണക്കാക്കുന്ന അഷ്ടബന്ധകലശത്തിന്റെ പൂർത്തീകരണത്തിന് എല്ലാ ഭക്തജനങ്ങളുടേയും സഹായ സഹകരണങ്ങളും പ്രാതിനിധ്യവും ഭഗവത്നാമത്തിൽ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

കലശദിവസങ്ങളിൽ രാവിലെ മുതൽ ഭാഗവതോത്തംസം അഡ്വ. ശ്രീ. റ്റി. ആർ. രാമനാഥൻ അവർകളുടെ നേതൃത്വത്തിൽ ശ്രീമദ് ശിവപുരാണ സമീക്ഷാസത്രം ഉണ്ടായിരിക്കുന്നതാണ്.
മറ്റൂർ തിരുവെള്ളമാൻതുള്ളി വടക്കുംനാഥക്ഷേത്ര സംരക്ഷണസമിതിക്കു വേണ്ടി,

മുഖ്യരക്ഷാധികാരി
**ശ്രീ. ടി. ആർ. വല്ലഭൻ നമ്പൂതിരിപ്പാട്**
തെക്കിനിയേടത്ത് മന, പിരാരൂർ



പ്രസിഡന്റ്
**ശ്രീ. ഗോപാലകൃഷ്ണപിള്ള കെ. ബി.**
9446746264

സെക്രട്ടറി
**വിനോദ് എം. ബി.**
9645442534

ട്രഷറർ
**ശശിധരൻ എം. കെ.**
9747362989





## 1-ാം ദിവസം 2025
**ഏപ്രിൽ 23 ബുധൻ**

**ദീപാരാധനയ്ക്ക് ശേഷം**

ആചാര്യവരണം,
അഷ്ടബന്ധ കലശത്തിന് മുളയിടൽ,
പ്രാസാദശുദ്ധി
അസ്ത്രകലശപൂജ, പ്രാസാദപൂജ,
രാക്ഷോഘ്നഹോമം,
വാസ്തുഹോമം, വാസ്തു കലശപൂജ
വാസ്തുബലി, വാസ്തുപുണ്യാഹം
അത്താഴപൂജ

## 2-ാം ദിവസം 2025
**ഏപ്രിൽ 24 വ്യാഴം**

**രാവിലെ**

മുളപൂജ
സാമാന്യ ചതു:ശുദ്ധി, വിശേഷ ചതു:ശുദ്ധി,
കലശപൂജയും അഭിഷേകവും

**വൈകുന്നേരം**

മുളപൂജ, അത്താഴപൂജ

## 3-ാം ദിവസം 2025
**ഏപ്രിൽ 25 വെള്ളി**

**രാവിലെ**

മുളപൂജ, ധാര, പഞ്ചഗവ്യം, സമാധിശുദ്ധി, സാമാന്യപഞ്ചകം,
അഭിഷേകം, മഹാപഞ്ചകം,
കലശപൂജയും അഭിഷേകവും
വിശേഷപുണ്യാഹം, ജലസംപ്രോക്ഷണം
മഹാകുംഭം കലശപൂജ

**വൈകുന്നേരം**

അധിവാസഹോമം
കലശാധിവാസം, അത്താഴപൂജ

## 4-ാം ദിവസം 2025
**ഏപ്രിൽ 26 ശനി**

**രാവിലെ**

മഹാകുംഭപ്രോക്ഷണം
മുളപൂജ
ഉച്ചപൂജ

**വൈകുന്നേരം**

സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ



## 5-ാം ദിവസം 2025
**ഏപ്രിൽ 27 ഞായർ**

**രാവിലെ**

അഗ്നിജനനം,
നവീകരണ പ്രായശ്ചിത്ത കലശപൂജ,
നവീകരണ പ്രായശ്ചിത്ത ഹോമം,
നവീകരണ പ്രായശ്ചിത്ത കലശാഭിഷേകം
മുളപൂജ, ഉച്ചപൂജ

**വൈകുന്നേരം**

സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ



## 6-ാം ദിവസം
**ഏപ്രിൽ 28 തിങ്കൾ 2025**

| | |
|---|---|
| രാവിലെ | അഗ്നിജനനം, പ്രോക്തഹോമം, പ്രായശ്ചിത്ത ഹോമം, ശാന്തിഹോമം, അത്ഭുതശാന്തിഹോമം, നാശാന്തിഹോമം, ചോരശാന്തിഹോമം, മുളപൂജ, കലശാഭിഷേകങ്ങൾ |
| വൈകുന്നേരം | സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ |



## 7-ാം ദിവസം
**ഏപ്രിൽ 29 ചൊവ്വ 2025**

| | |
|---|---|
| രാവിലെ | അഗ്നിജനനം, തത്വകലശപൂജ, തത്വഹോമം, തത്വകലശാഭിഷേകം, മണ്ഡപസംസ്കാരം, കുംഭേശ കർക്കരിപൂജ, ബ്രഹ്മകലശപൂജ, മുളപൂജ |
| വൈകുന്നേരം | പരികലശപൂജ, (കർപ്പൂരാദി) അധിവാസഹോമം കലശാധിവാസം, അത്താഴപൂജ |

## 8-ാം ദിവസം
**ഏപ്രിൽ 30 ബുധൻ 2025**

| | |
|---|---|
| രാവിലെ 7.30 മുതൽ 9.30 വരെയുള്ള ശുഭമുഹൂർത്തത്തിൽ | അധിവാസം വിടർത്തൽ, പരികലശാഭിഷേകം, **ബ്രഹ്മകലശം എഴുന്നള്ളിപ്പ്,** മുഹൂർത്ത സമയത്ത് **അഷ്ടബന്ധം ചാർത്തൽ,** **കുംഭേശകലശാഭിഷേകം** **ബ്രഹ്മകലശാഭിഷേകം** ഉച്ചപൂജ, ശ്രീഭൂതബലി |



### വഴിപാടു വിവരം

| | |
|---|---|
| പഞ്ചകം കലശം | 5000 രൂപ |
| മഹാപഞ്ചകം കലശം | 10000 രൂപ |
| മഹാകുംഭം | 5000 രൂപ |
| നവീകരണ പ്രായശ്ചിത്തകലശം | 5000 രൂപ |
| ഒരുദിവസത്തെ മുഴുവൻ പൂജകളും, ഹോമവും കലശവും | 50001 രൂപ |
| ഒരു ദിവസത്തെ കലശം | 20001 രൂപ |
| ഒരുദിവസത്തെ പൂജ | 20001 രൂപ |
| ഒരു ദിവസത്തെ ഹോമം | 20001 രൂപ |
| ബ്രഹ്മകലശം | 25001 രൂപ |
| പരികലശം | 3001 രൂപ |
| കലശത്തിനാവശ്യമായ ദ്രവ്യ സമർപ്പണം | 10001 രൂപ |
| കലശത്തിനാവശ്യമായ വസ്ത്ര സമർപ്പണം | 10001 രൂപ |
| തത്വകലശം | 15001 രൂപ |
| അഷ്ടബന്ധം | 50001 രൂപ |
| മുളയിടൽ | 15001 രൂപ |
| അന്നദാനം | 10001 രൂപ |



# ശ്രീമദ് ശിവ മഹാപുരാണ
# സമീക്ഷാസത്രം



**23–04–2025 രാവിലെ മുതൽ 29–04–2025 വൈകുന്നേരം വരെ**

**7 ദിവസക്കാലം**

**യജ്ഞാചാര്യൻ : അഡ്വ. ശ്രീ. ടി. ആർ. രാമനാഥൻ**

| | |
|---|---|
| ദിവസവും രാവിലെ 6.30 ന് | : **ശിവസഹസ്രനാമം** |
| 7.00 ന് | : **ഗ്രന്ഥ നമസ്കാരം** |
| തുടർന്ന് 9 വരെ | : **പാരായണം** |
| 9 മുതൽ 9.30 വരെ | : **പ്രഭാതഭക്ഷണം** |
| 9.30 മുതൽ 11.30 വരെ | : **പാരായണം** |
| 11.30 മുതൽ 1 മണി വരെ | : **പ്രഭാഷണം** |

| | |
|---|---|
| 1 മുതൽ 2 വരെ | : **ഉച്ചഭക്ഷണം** |
| 2 മുതൽ 4 വരെ | : **പാരായണം** |
| 4.30 മുതൽ 6.30 വരെ | : **പാരായണം പ്രഭാഷണം** |
| യജ്ഞപൗരാണികർ | : **ശ്രീമതി ആശാ ശ്രീകുമാർ**<br>**ശ്രീദേവി പണിക്കർ**,വൈക്കം |
| **ഭാഗവതോത്തംസം, ശിവാഗമ ചൂഡാമണി** | : **അഡ്വ. ടി.ആർ. രാമനാഥൻ പറവൂർ** |

# അഷ്ടബന്ധ നവീകരണ കലശം

നിശ്ചയിക്കപ്പെട്ട കലശക്രിയകൾ നിർവ്വഹിക്കുന്നതിന് പ്രത്യേകമായി കർമ്മിയെ സ്വീകരിക്കുന്ന അഥവാ ഏൽപ്പിക്കുന്ന ചടങ്ങാകുന്നു ആചാര്യവരണം.

ആസുരശക്തികളെ അകറ്റിനിർത്തുന്നതിനും വാസ്തുദേവകളെ പ്രാസാദിപ്പിക്കുന്നതിനും അസ്ത്രമന്ത്രമയമായ നൂലും മാലയും ചുറ്റി സങ്കേതം സംരക്ഷിച്ച് പ്രസാദശുദ്ധി ചെയ്യുന്നതു മുതൽ വാസ്തുപുണ്യാഹം വരെയുള്ള ക്രിയകൾ ചെയ്യുന്നു.

ബിംബശുദ്ധി ക്രിയകൾ പേരുസൂചിപ്പിക്കുന്നതു പോലെതന്നെ കാലങ്ങളായിട്ട് അറിഞ്ഞും അറിയാതെയും ക്ഷേത്രത്തിൽ സംഭവിച്ചിട്ടുള്ള ദോഷങ്ങളിൽ ബിംബത്തിന്റെ അശുദ്ധിക്കുള്ള പരിഹാരമാകുന്നു.

പൂജ മുട്ടുക, അശുദ്ധി സമയത്ത് അതറിയാതെ പൂജ കഴിച്ച് പിന്നീട് അത് ആവർത്തിക്കേണ്ടി വരിക മുതലായ ദോഷങ്ങൾക്ക് പരിഹാരമായി നവീകരണ പ്രായശ്ചിത്തഹോമം ചെയ്ത് ഹോമകലശം അഭിഷേകം ചെയ്യുന്നു.

പൂജാലോപം, അധികകാലം തുടർന്നു പോയെങ്കിൽ തൽപ്രായശ്ചിത്തം എന്ന നിലയ്ക്ക് പ്രായശ്ചിത്തഹോമം ചെയ്യുന്നു. മഹാദേവന് വിശേഷമായിട്ട് നാലുനടക്കലും ദ്വാരപ്രായശ്ചിത്ത ഹോമവും കൂടി ചെയ്യുന്നു.

ദുഷ്ടമൃഗങ്ങളുടെ സ്പർശനം, അഗ്നിസ്പർശം ഉണ്ടായോ ഇല്ലയോ എന്ന സന്ദേഹം ഉണ്ടാവുക മുതലായ സന്ദർഭങ്ങളിൽ ശാന്തിഹോമം ചെയ്യുന്നു.

ബിംബം വിയർക്കുക, ചിരിക്കുക, കരയുക മുതലായ അത്ഭുതസംഭവങ്ങൾ ഉണ്ടായി എന്ന തോന്നലുണ്ടായാൽ തൽദ്ദോഷ പരിഹാരാർത്ഥം അത്ഭുതശാന്തി ഹോമത്തെ ചെയ്യുന്നു.

അശുദ്ധി കൽപ്പിക്കപ്പെട്ടിട്ടുള്ള അവസ്ഥയിലുള്ളവരുടേയും നായ മുതലായവയുടേയും സ്പർശനം മുതലായവയ്ക്ക് നാശാന്തിഹോമം അഥവാ ശ്വശാന്തി ഹോമം പരിഹാരമാകുന്നു.





# അഷ്ടബന്ധ നവീകരണ കലശം

ക്ഷേത്രത്തിൽ നിർമ്മാണ പ്രവൃത്തികൾ വേണ്ടി വരിക, കള്ളൻ കയറുക, തുടങ്ങിയ സംഭവങ്ങളിൽ ചോരശാന്തി ഹോമം ചെയ്യുന്നു.

നിശ്ശേഷ്ഠനായ അവസ്ഥയിങ്കൽ ഭക്താനുഗ്രഹത്തിനു വേണ്ടി ദേവങ്കൽ ആരോപിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾക്ക് ദോഷാധിക്യത്തിങ്കൽ ക്ഷീണം സംഭവിക്കും. തദ്വാരാ ഭക്തൻമാർക്ക് ലഭിക്കുന്ന അനുഗ്രഹത്തിനും കുറവ് വരും. ഈ തത്വങ്ങളെ കാര്യകാരണ ഉന്മേഷത്തോടെ പുന: സൃഷ്ടിക്കുന്ന ചടങ്ങാകുന്നു തത്വഹോമം, തത്വകലശാഭിഷേകം മുതലായവ.

ആകാശാത്മകവും പുരുഷാത്മകവുമായ ബിംബവും പൃഥിവ്യാത്മകവും ശക്ത്യാത്മകവും പ്രകൃത്യാത്മകവും ആയ പീഠവും ഒന്നുചേർന്ന് പ്രകൃതി പുരുഷന്മാരുടെ അന്വേന്യസമ്മേളനത്തിലേ സൃഷ്ടികർമ്മങ്ങൾ സംഭവിക്കൂ. ബിംബപീഠങ്ങൾ ഒന്നുചേർക്കുന്ന മായാവലയമാകുന്നു അഷ്ടബന്ധം.

ഈ അഷ്ടബന്ധത്തിന്റെ ജീർണ്ണതയിങ്കൽ മാതാപിതാക്കൾ വേർപിരിഞ്ഞിരിക്കുമ്പോഴത്തെ സന്താനങ്ങളുടെ അവസ്ഥയ്ക്ക് സമാനമായും ഭക്തന്മാർ വരും. തൽദോഷപരിഹാരാർത്ഥം ദ്രവ്യകലശാഭിഷേകങ്ങളെ ചെയ്ത് ദേവന്റെ അനുജ്ഞയോടെ അഷ്ടബന്ധലേപനം ചെയ്യുന്നു.

മേൽപറഞ്ഞ ദോഷങ്ങൾക്കെല്ലാം നിവർത്തി വരുത്തി ദേവന്റെ അനുഗ്രഹകലകൾ ലോകത്തിന് മുഴുവൻ അനുഭവവേദ്യമാക്കുന്നതിനുവേണ്ടി ബ്രഹ്മകലശവും അഭിഷേകം ചെയ്ത് ശേഷിക്കുന്നത് പരിവാരങ്ങൾക്കും തളിച്ച് ബഹുവിധ നിവേദ്യത്തോടെ ദേവന് ഉച്ചപൂജയും ചെയ്ത് പരിവാരങ്ങൾക്ക് ശ്രീഭൂതബലിയും ചെയ്യുന്നതോടെ പൂർണ്ണ ചൈതന്യവത്തായ ഭഗവാൻ പരിവാരസമേതം ലോകത്തെ മുഴുവൻ അനുഗ്രഹിച്ചുകൊണ്ട് പരിലസിക്കും.

## വഴിപാടുകളും സംഭാവനകളും അയക്കേണ്ട വിലാസം

**Bank Details :**

Thiruvellamanthully Vadakkumnadha Temple
State Bank of India, Kalady

A/c. No. : 36389320953

IFSC : SBIN0070717, MICR : 683002903

Google Pay No: 9497872413